**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **16-09-2025 - ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലകളിലും നഴ്സിംഗ് കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നഴ്സിംഗ് കോളേജുകൾ ആരംഭിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 7 സർക്കാർ നഴ്സിംഗ് കോളേജുകളായിരുന്നു ഉണ്ടായിരുന്നത്. സർക്കാർ മേഖലയിൽ കൂടുതൽനഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 15.07.2022- ലെ സ.ഉ (എം.എസ്) നം. 150/2022/ആ.കു.വ പ്രകാരം 2022-23 അധ്യയന വർഷം കൊല്ലം, മലപ്പുറം ജില്ലകളിൽ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. ഇതേ സർക്കാർ ഉത്തരവ് പ്രകാരം കോളേജുകൾക്കാവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു.<br><br>2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ നഴ്സിംഗ് വിദ്യാഭ്യാസത്തിനായി പുതിയ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നു. പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കിക്കൊണ്ട് 2023-24 അധ്യയന വർഷം പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലായി **5** പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളും തിരുവനന്തപുരം നഴ്സിംഗ് കോളേജിന് അനുബന്ധമായി ബി.എസ്.സി (നഴ്സിംഗ് കോഴ്സിന് **100** സീറ്റോടെ അധിക ബാച്ചും 05.08.2023- ലെ സ.ഉ (എം.എസ്) നം. 190/2023/ ആ.കു.വ ഉത്തരവ് പ്രകാരം ആരംഭിച്ചു. പ്രസ്തുത നഴ്സിംഗ് കോളേജുകളിൽ 2023-24 അധ്യയന വർഷത്തേക്ക് ആവശ്യമായ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ 13.10.2023- ലെ സ.ഉ (എം.എസ്) നം. 282/2023/ആ.കു.വ, 23.08.2025- ലെ സ.ഉ (എം.എസ്) നം.291/2025/ആ.കു.വ ഉത്തരവുകൾ പ്രകാരം സൃഷ്ടിച്ചു. സർക്കാർ നഴ്സിംഗ് |

| | | | |
|---|---|---|---|
| | | | കോളേജുകളിൽ എം.എസ്.സി. നഴ്സിംഗ് അഡ്മിഷൻ നേടിയവർക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം ഒരു വർഷത്തെ **നിർബന്ധിത അധ്യാപന സേവനം** നടപ്പിലാക്കിയും ടിയാളുകളെ **'ബോണ്ടഡ് ലക്ചറർ'** എന്ന നാമധേയത്തിൽ സർക്കാർ നഴ്സിംഗ് കോളേജുകളിൽ നിയമിക്കുന്നതിന് അനുമതി നൽകിയും 11.07.2024-ലെ സ.ഉ (എം.എസ്) നം. 151/2024/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചു. ഓരോ കോളേജിലും ഫർണ്ണിച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പിയർ, വാഹനം, ലൈബ്രറി പുസ്തകങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവയുടെ പർച്ചേസിനായി **5,87,30,213/- രൂപ** അനുവദിച്ചു. ഓരോ കോളേജിന്റെയും സുഗമമായ പ്രവർത്തനത്തിന് വേണ്ട ഭൗതിക സൗകര്യങ്ങൾ സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | 2021-ൽ സംസ്ഥാനത്താകെ എത്ര ബി. എസ്. സി. നഴ്സിംഗ് സീറ്റുകളാണ് ഉണ്ടായിരുന്നതെന്നും നിലവിൽ അത് എത്ര സീറ്റുകളായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ സംസ്ഥാനത്ത് സർക്കാർ/സ്വകാര്യ മേഖലകളിൽ ആകെ 123 നഴ്സിംഗ് കോളേജുകളിലായി 6967 സീറ്റുകളായിരുന്നു ബി.എസ്.സി (നഴ്സിംഗ്) കോഴ്സിനുണ്ടായിരുന്നത്. 2025- ൽ 159 നഴ്സിംഗ് കോളേജുകളിലായി അഡ്മിഷന് സജ്ജമായ 9710 ബി.എസ്.സി (നഴ്സിംഗ്) സീറ്റുകളാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ/സ്വകാര്യ മേഖലകളിലായി 36 നഴ്സിംഗ് കോളേജുകൾ പ്രവർത്തനസജ്ജമായി. പുതിയ കോളേജുകൾ ആരംഭിച്ചത് വഴിയും നിലവിലുള്ള കോളേജുകളിൽ യോഗ്യമായവയ്ക്ക് സീറ്റ് വർദ്ധനവ് അനുവദിച്ചതു വഴിയും 2743 ബി.എസ്.സി (നഴ്സിംഗ്) സീറ്റുകൾ വർദ്ധിപ്പിച്ചു. ഇവ കൂടാതെ സിമെറ്റ്, കേപ്പ് എന്നിവയ്ക്ക് കീഴിൽ ഓരോ കോളേജിനും 4 സ്വകാര്യ സ്വാശ്രയ കോളേജുകൾക്കും സർക്കാർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. സംസ്ഥാന നഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ എന്നിവയുടെ അംഗീകാരം നേടുന്ന മുറക്ക് ടി കോളേജുകളിലും അഡ്മിഷൻ ആരംഭിക്കാൻ സാധിക്കും |
| (സി) | സർക്കാർ-സ്വകാര്യ മേഖലയിൽ നിലവിൽ എത്ര മെഡിക്കൽ-നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ ഓരോന്നിലും എത്ര സീറ്റുകൾ നിലവിലുണ്ടെന്നും അറിയിക്കാമോ; | (സി) | **<u>മെഡിക്കൽ കോളേജ്</u>**<br><br><u>സർക്കാർ മേഖല</u> – **14** കോളേജുകളിലായി **1855** സീറ്റുകൾ<br><br><u>സ്വകാര്യ മേഖല</u> – **20** കോളേജുകളിലായി **2850**സീറ്റുകൾ |

| | | | |
|---|---|---|---|
| | | | **നഴ്സിംഗ് കോളേജ്**<br><br>സർക്കാർ മേഖല – **14** കോളേജുകളിലായി **1130** സീറ്റുകൾ<br><br>സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കീഴിലുള്ള നഴ്സിംഗ് കോളേജുകൾ- **23** കോളേജുകളിലായി **1220** സീറ്റുകൾ. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>- State Institute of Medical Education and Technology (SIMET) – 11 കോളേജുകളിലായി **660** സീറ്റുകൾ<br><br>- Centre for Professional and Advances Studies (CPAS) – 9 കോളേജുകളിലായി **410** സീറ്റുകൾ<br><br>- Co-operative Academy of Professional Education (CAPE) – 2 കോളേജുകളിലായി **110** സീറ്റുകൾ<br><br>- Malabar Cancer Centre – **40** (1 കോളേജ്)<br><br>സ്വകാര്യ മേഖല – **122** കോളേജുകളിലായി **7360** സീറ്റുകൾ |
| (ഡി) | സ്വകാര്യ-സ്വാശ്രയ മേഖലകളിൽ കൂടുതൽ മെഡിക്കൽ- നഴ്സിംഗ് കോഴ്സുകൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | എം.ബി.ബി.എസ് കോഴ്സ് സംബന്ധിച്ച് നാഷണൽ മെഡിക്കൽ കമ്മീഷൻ, കേരള മെഡിക്കൽ കൗൺസിൽ എന്നിവയും നേഴ്സിംഗ് കോഴ്സുകൾ സംബന്ധിച്ച് ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ, കേരള നഴ്സ്സ് & മിഡൈ്വഫ്സ് കൗൺസിൽ എന്നീ സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന ഭൗതിക സൗകര്യങ്ങളും ക്ലിനിക്കൽ സൗകര്യങ്ങളും ഒരുക്കുന്ന സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് കൃത്യമായ പരിശോധനക്ക് വിധേയമായി മെഡിക്കൽ- നഴ്സിംഗ് കോഴ്സുകൾ അനുവദിക്കുക എന്നത് സർക്കാർ നയമാണ്. |

സെക്ഷൻ ഓഫീസർ